വിഷൻ
2031

2025 ഒക്ടോബർ 3–ന് തൃശ്ശൂർ റീജിയണൽ തിയേറ്റർ–ൽ കേരള സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറിൽ വിവിധ ഭിന്നശേഷി മേഖലയിലെ വിദഗ്ധർ, വിദ്യാഭ്യാസവിചക്ഷണർ, ട്രാൻസ്ജെൻഡർ–വയോജനെ മേഖലയിലെ പ്രതിനിധികൾ, നയനിർമ്മാതാക്കൾ, സാമൂഹിക പ്രവർത്തകർ, എന്നിവർ പങ്കേടുത്തു. സെമിനാറിൽ മേഖലകളിലെ പ്രവർത്തനങ്ങൾ, നയങ്ങൾ, സമഗ്ര സമൂഹ ക്ഷേമ പദ്ധതികൾ എന്നിവ ചർച്ച ചെയ്തത് ശ്രദ്ധേയമായിരുന്നു.

സെമിനാറിന്റെ പ്രധാന ലക്ഷ്യം നിലവിലുള്ള പദ്ധതികളെ വിലയിരുത്തി, അപര്യാപ്തതകൾ തിരിച്ചറിഞ്ഞ്, ഭാവിയിൽ രൂപീകരിക്കേണ്ട നയങ്ങൾക്കും നടപടികൾക്കുമായി പാനലിസ്റ്റുകളുടെ നിർദ്ദേശങ്ങൾ ശേഖരിക്കലായിരുന്നു. ഏർലി ഇന്റർവെൻഷൻ, യൂണിവേഴ്സൽ സ്ക്രീനിംഗ്, സംയോജിത വിദ്യാഭ്യാസം, അസിസ്റ്റഡ് ലിവിംഗ്, വയോജന സംരക്ഷണം, പ്രൊബേഷൻ നിയമങ്ങൾ, ട്രാൻസ്ജെൻഡർ ക്ഷേമം എന്നീ മേഖലകളിലെ പ്രവർത്തന മാർഗങ്ങൾ പ്രധാന ചർച്ചാ വിഷയങ്ങളായി.

ഈ രേഖയിൽ സെമിനാറിലെ വിഷയങ്ങളും, പാനലിസ്റ്റുകളുടെ നിരീക്ഷണങ്ങളും, പങ്കെടുത്തവരുടെ നിർദേശങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിലെ സാമൂഹിക ക്ഷേമ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും സുസ്ഥിരമാക്കാനും ഈ ഡോക്യുമെന്റേഷൻ ഉപകാരപ്പെടും.

# 1

# വിദ്യാഭ്യാസ, ക്ഷേമസ്ഥാപനങ്ങൾ–വിപുലീകരണവും നവീകരണവും

**മോഡറേറ്റർ**

ഡോ. മിനി സുകുമാർ (Planning Board Member, State Planning Board, Trivandrum)

**പാനൽ അംഗങ്ങൾ**

- ഡോ. കുര്യൻ ജോസ്
- ഡോ. പുനലൂർ സോമരാജൻ
- ശ്രീ. രാജഗോപാൽ (CUSAT)
- എൻ. അലി അബ്ദുള്ള (ചെയർമാൻ, ഓർഫനേജ് കൺട്രോൾ ബോർഡ്)
- ബ്രദർ ജോർജ് ജോഷ്വാ
- ഡോ. സുജാ കെ. കുന്നത്ത് (Executive Director, NISH)
- ശ്രീ. ചന്ദ്രബാബു സി. (Executive Director, NIPMR)
- ഫാ. റോയ് വടക്കൽ (വിദ്യാഭ്യാസ മേഖല)
- ഡോ. പി. ഭാനുമതി (AMHA, Thrissur)
- ശ്രീമതി. ശാന്താ മേനോൻ (ഡയറക്ടർ, Swasraya Special School, Kuttur)
- ശ്രീ. മഹാദേവൻ പി. ആർ. (Secretary, ആദർശ് വിദ്യാലയം ട്രസ്റ്റ്, Ernakulam)

## പാനലിസ്റ്റ് നിർദ്ദേശങ്ങളുടെ സമഗ്ര അവലോകനം

സർക്കാരിന്റെ വിഷൻ 31 പദ്ധതിയുടെ ഭാഗമായി നടത്തിയ ചർച്ചകളിൽ പാനലിസ്റ്റുകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ഭാവി സാമൂഹ്യ ക്ഷേമ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് ഗുണകരമാണ്.

**വയോജന ക്ഷേമ സ്ഥാപനങ്ങൾ** കൂടുതൽ ശുചിത്വപരവും മനുഷ്യസൗഹൃദപരവുമായ സംവിധാനങ്ങളാക്കണം. മികച്ച പ്രകടനം കാഴ്ചവെക്കുന്ന സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യാനുള്ള സംവിധാനം ആവിഷ്കരിക്കണമെന്നും, വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തനരീതിയിൽ പാരമ്പര്യ മൂല്യങ്ങളും സംസ്കാരവും നിലനിറുത്തണമെന്നും നിർദ്ദേശം വന്നു.

**വയോജന കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ:** വയോജന കേന്ദ്രങ്ങൾ പ്രകൃതി സൗഹൃദവും തുറന്ന അന്തരീക്ഷമുള്ളതും ആകണം. സ്ത്രീ–പുരുഷ അന്തേവാസികൾക്ക് ആശയവിനിമയം, സാമൂഹിക സൗകര്യങ്ങൾ, റിയൂണിയൻ എന്നിവ ലഭ്യമാക്കണം. 60 വയസ്സിന് മുകളിലുള്ള ഒറ്റപ്പെട്ടവർക്ക് സംയുക്ത താമസ സർക്കാർ പരിഗണിക്കണം.

**എൻജിഒകൾക്കും സേവനദായകർക്ക് പിന്തുണ:** എൻജിഒകൾക്ക് സർക്കാർ സംരക്ഷണം, സാമ്പത്തിക സഹായം, സുരക്ഷ, യുക്തമായ പ്രതിഫലം എന്നിവ ഉറപ്പാക്കണം. അഭയകേന്ദ്രങ്ങളിൽ സേവനദായകർക്ക് സൗകര്യവും സുരക്ഷയും ലഭിക്കണം. “വൃദ്ധസദനം” പോലുള്ള പേരുകൾക്ക് പകരം അർത്ഥപൂർണ്ണവും മാന്യവുമായ പേരുകൾ നൽകണമെന്നും നിർദ്ദേശം ഉന്നയിച്ചു.

**മാനസികാരോഗ്യ പുനരധിവാസം:** ചിറയിൻകീഴ് മോഡൽ പോലുള്ള സാമൂഹിക അടിസ്ഥാനത്തിലുള്ള മാനസികാരോഗ്യ പുനരധിവാസം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പിലാക്കണം. അംഗീകൃത പുനരധിവാസ കേന്ദ്രങ്ങൾ മൊബൈൽ സർവീസ് യൂണിറ്റുകളായി, ഷോർട്ട് സ്റ്റേ സംവിധാനം, വീട് പരിശീലന കേന്ദ്രങ്ങൾ എന്നിവയായി വികസിപ്പിക്കണം.

**ഭിന്നശേഷി വ്യക്തിഗത പരിചരണം:** ഭിന്നശേഷിയുള്ള ഓരോ വ്യക്തിക്കും Individual Care Plan ഉണ്ടാക്കണം. അതിന്റെ അടിസ്ഥാനത്തിൽ രോഗനിർണയം, ചികിത്സ, പ്രത്യേക വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവ ഉറപ്പാക്കണം. ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുകയും സ്കൂളുകളിൽ കുട്ടികളെ ശേഷി അനുസരിച്ച് മൂന്ന് നിലകളിൽ (three-tier system) തിരിച്ച് പരിശീലനം നൽകുകയും വേണം. തടസ്സരഹിത അന്തരീക്ഷവും പ്രവേശന ക്ഷമതയും ഉറപ്പാക്കണം.

**ഭിന്നശേഷി മേഖലയിൽ സർക്കാർ ഇടപെടൽ:** സർക്കാർ ഇടപെടൽ വർദ്ധിപ്പിക്കണം. OT, ASLP, BPO, Clinical Psychology തുടങ്ങിയ കോഴ്സുകൾ സർക്കാർ മേഖലയിൽ ആരംഭിക്കണം. ഫീസുകൾ എല്ലാവർക്കും ലഭ്യമാക്കണം. ഫിസിയോ തെറാപ്പിസ്റ്റുകൾക്കും ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾക്കും വേതന തുല്യത ഉറപ്പാക്കണം. ഭിന്നശേഷി ശക്തീകരണ സർവകലാശാല സ്ഥാപിച്ച് സംസ്ഥാനതല ഏകോപനം, കോഴ്സുകളുടെ ഗുണനിലവാരം, ഗവേഷണം എന്നിവ ഉറപ്പാക്കണം.

**ഡാറ്റാ മാനേജ്മെന്റ് & ഡിജിറ്റൽ സംവിധാനം:** വിശ്വസനീയ ഡാറ്റാബേസ് രൂപപ്പെടുത്തി ഭിന്നശേഷിക്കാരുടെ പുരോഗതി രേഖപ്പെടുത്തണം. ഡിജിറ്റൽ സംവിധാനങ്ങളുടെ പ്രയോജനം വികസിപ്പിക്കുക. പ്രിവൻഷൻ സമീപനം, കൗമാരപ്രായത്തിൽ ഇടപെടൽ, ഏജൻസികളുടെ ഏകോപനം എന്നിവ ഉറപ്പാക്കണം.

**തൊഴിൽ പരിശീലനം & സാമൂഹിക സംയോജനം:** തൊഴിൽ പരിശീലന സംവിധാനങ്ങളിൽ വിപുലീകരണം ആവശ്യമുണ്ട്. മാനസികരോഗമുള്ളവരെ ഒറ്റപ്പെടുത്താതെ, സ്വയംപര്യാപ്തത, സാമൂഹ്യ സംയോജനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഉൾക്കൊള്ളലും പങ്കാളിത്തവുമായ സംവിധാനം നടപ്പിലാക്കണം.

**ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോമുകൾ & വിലയിരുത്തൽ:** ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോമുകൾ, ടെലിസൈക്യാട്രി, മൊബൈൽ-അധിഷ്ഠിത നിരീക്ഷണ ഉപകരണങ്ങളുടെ സഹായത്തോടെ സമയബന്ധിത മാനസികാരോഗ്യ വിലയിരുത്തലും, വിദഗ്ധരുമായുള്ള കൂടിയാലോചനയും നടപ്പാക്കാം.

**വ്യക്തിഗത പ്രൊഫൈലുകൾ & ഓഡിറ്റ്:** താമസക്കാരുടെ ആവശ്യങ്ങൾ, അവകാശങ്ങൾ, പൂർവ്വ വിവരങ്ങൾ എന്നിവ വ്യക്തിഗത പ്രൊഫൈലുകളിൽ രേഖപ്പെടുത്തണം. ഫീഡ്ബാക്ക് സംവിധാനങ്ങൾ, സേവന ഫലങ്ങളുടെ ഓഡിറ്റിംഗ് എന്നിവ ഉറപ്പാക്കണം.

**സംയോജിത വിദ്യാഭ്യാസം & സേവന വികസനം:** സംയോജിത വിദ്യാഭ്യാസം സർവ്വത്രികമാക്കണം. സാങ്കേതിക വിദ്യ ഭിന്നശേഷി സേവനങ്ങൾക്ക് പ്രയോജനപ്പെടുത്തണം. ബഡ്സ് സ്കൂളുകൾ, ചൈൽഡ് ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ സ്ഥാപിച്ച് പ്രൊഫഷണൽ സേവനം, ധനസഹായം തുടങ്ങിയ വർദ്ധിപ്പിക്കണം. ശിശുക്കൾ മുതൽ വയോജനങ്ങൾവരെ ബ്രെയിൻ ആരോഗ്യ സംരക്ഷണത്തിന് സമഗ്ര സമീപനം ആവശ്യമുണ്ട്.

അടിയന്തര നടപടികൾ

- ബ്രെയിൻ ഹെൽത്ത് & ഏജിംഗ് ബിൽ 2026–ലെ മൺസൂൺ സെഷനിൽ പാസാക്കുക
- സ്റ്റിയറിംഗ് കൗൺസിൽ സ്ഥാപിക്കുക
- പൈലറ്റ് ഘട്ട പ്രവർത്തനങ്ങൾക്ക് ₹120 കോടി സീഡ് ഫണ്ടിംഗ് അനുവദിക്കുക
- യുവജന മാനസികാരോഗ്യ പരിശോധന, ബേസിക് ഡാറ്റ, മുൻ ഇടപെടലുകൾ നടപ്പാക്കുക

**ഭിന്നശേഷി സേവനങ്ങളും UDID/ഫോസ്റ്റർ ഹോംസ്:** UDID കാർഡ് തെറ്റില്ലാത്തതാകണം. ആധാർ നിർബന്ധമാക്കരുത്. ഒറ്റയ്ക്ക് ജീവിക്കാൻ കഴിയാത്തവർക്ക് ഗ്രൂപ്പ് ഹോംസ്, ഫോസ്റ്റർ ഹോംസ് എന്നിവ സജ്ജമാക്കണം. ഓട്ടിസം ബാധിച്ചവരുടെ കണക്കെടുപ്പ് നിർബന്ധമായും നടപ്പിലാക്കണം. ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി സർക്കാർ തലത്തിൽ തസ്തികകൾ സൃഷ്ടിക്കണം.

**ഒരു ഏകീകൃത സമുച്ചയം:** വയോജന കമ്മീഷന്റെ അടക്കമുള്ള സാമൂഹ്യ ക്ഷേമ ഓഫീസുകൾ എല്ലാം ഒറ്റ സമുച്ചയത്തിൽ ആക്കണം. അവിടെ മുതിർന്ന പൗരന്മാരുടെ സംഗമങ്ങൾ, സെമിനാറുകൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള സൗകര്യം ഉണ്ടാവണം. ഉദ്യോഗസ്ഥർ നിറഞ്ഞ മനുഷ്യത്വത്തോടെയും സ്നേഹസഹകരണത്തോടെയും പെരുമാറണം.

**സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ ഫലങ്ങൾ:** നിർദ്ദേശിച്ചിട്ടുള്ള നടപടികൾ നടപ്പിലാക്കുന്നത് ഭിന്നശേഷിയുള്ളവർ, വയോജനർ, മാനസികാരോഗ്യമുള്ളവർ എന്നിവരുടെ സുരക്ഷ, ശിക്ഷണം, വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക സംയോജനം എന്നിവ ഉറപ്പാക്കും. ഡാറ്റ, ഡിജിറ്റൽ സംവിധാനങ്ങൾ, വ്യക്തിഗത പരിപാലന പദ്ധതി, പ്രിവൻഷൻ സമീപനം എന്നിവയുടെ സഹായത്തോടെ സുസ്ഥിരവും സമഗ്രവുമായ സാമൂഹ്യ ക്ഷേമം സൃഷ്ടിക്കാനും സർക്കാർ കഴിഞ്ഞ പരിഷ്കരണങ്ങൾ കൂടുതൽ ഫലപ്രദമാക്കാനും സാധിക്കും എന്നും പാനലിസ്റ്റുകൾ വിലയിരുത്തി.

## പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ

- വൃദ്ധസദനങ്ങളിലെയും അനാഥാലയങ്ങളിലെയും ജീവനക്കാരുടെ സേവനനിബന്ധനകളും ശമ്പളവും പുനഃപരിശോധിക്കണം. അവരുടെ സേവനം സമൂഹത്തിന്റെ അടിത്തറയാണെന്ന തിരിച്ചറിവോടെ സ്ഥിരനിയമന സംവിധാനങ്ങൾ ആലോചിക്കണം. വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും സർക്കാർ പദ്ധതികളിലെ ആനുകൂല്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം ആവശ്യമാണ്.

- മാനസികാരോഗ്യരംഗത്ത്, രോഗികൾ ആശുപത്രി വിട്ടശേഷം പുനരധിവാസം ആവശ്യമായ സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. അതിനാൽ സമൂഹതലത്തിൽ ഫോളോ–അപ്പ് സംവിധാനം ഉറപ്പാക്കണം. തെരുവിൽ അലയുന്നവരെ കണ്ടെത്തി ആരോഗ്യനില വിലയിരുത്തി ആവശ്യമായ പരിചരണം നൽകാൻ പ്രത്യേക ടീമുകൾ രൂപീകരിക്കണം.

- ഗ്രാൻറ് ലഭിക്കാത്ത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പെൻഷൻ ലഭ്യമാക്കണം. യുവാക്കളെ ക്ഷേമപ്രവർത്തനങ്ങളിലേയ്ക്ക് അടുപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കണം. വയോജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ മെച്ചപ്പെടുത്തണം. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമപ്പെടുത്തണം. രാത്രിയിലും സേവനം ഉറപ്പാക്കണം.

- പാലിയേറ്റീവ് യൂണിറ്റുകളും ഡോക്ടർമാരുടെ സേവനവും ഉറപ്പാക്കണം. ആശുപത്രികളിൽ ക്യൂ നിൽക്കേണ്ട അവസ്ഥ ഒഴിവാക്കണം. 2031 ഓടെ തെരുവിൽ ഭിക്ഷക്കാരില്ലാത്ത സംസ്ഥാനം ലക്ഷ്യമാക്കണം. ക്ഷേമ സ്ഥാപനങ്ങളുടെ ഫണ്ടിന് ടാക്സ് ഒഴിവാക്കണം. പൊതുശ്മശാനങ്ങൾ സൗജന്യമാക്കണം.

- സ്ഥാപനങ്ങളിലെ താമസക്കാരുടെ എണ്ണം പരിധിയിലാക്കണം. പരിശീലനം ലഭിച്ച ജീവനക്കാരുടെ എണ്ണം വർധിപ്പിക്കണം. ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കണം. സർക്കാർ സദനങ്ങളിലെ താമസക്കാർക്ക് പെൻഷൻ ആവശ്യമില്ല.

- പകൽവീടുകൾ ആധുനിക സൗകര്യങ്ങളോടെ എല്ലാ വാർഡുകളിലും സജ്ജമാക്കണം. അവയുടെ പ്രവർത്തനം നിരീക്ഷിക്കുകയും മതിയായ ധനസഹായം നൽകുകയും വേണം. പകൽവീടുകളിൽ വോട്ട് ചെയ്യാനുള്ള സൗകര്യവും ഏർപ്പെടുത്തണം. ഓരോ വാർഡിലും വിശ്രമകേന്ദ്രങ്ങളും ലൈബ്രറികളും സ്ഥാപിക്കണം.

- ഭിന്നശേഷിക്കാർക്ക് ഉന്നത വിദ്യാഭ്യാസം ഉറപ്പാക്കണം. സ്കൂളുകളിൽ പ്രവേശിക്കുന്ന കുട്ടികളെ ഭിന്നശേഷിയുടെ തോത് അനുസരിച്ച് ത്രീ ടയർ സംവിധാനത്തിൽ തരംതിരിക്കണം. അതനുസരിച്ച് പരിശീലനം ക്രമീകരിക്കുകയും പരീക്ഷാ മൂല്യനിർണയത്തിലും പരിഗണിക്കുകയും വേണം. തടസ്സരഹിത അന്തരീക്ഷം ഉറപ്പാക്കണം. ഗവേഷണ ഫലങ്ങളും നിയമങ്ങളും കൃത്യമായി നടപ്പിലാക്കണം. നൈപുണ്യ വികസനത്തിന് ഊന്നൽ നൽകണം.

- ചൈൽഡ് ലൈൻ വഴി വരുന്ന ബോർഡർലൈൻ ഡിസെബിലിറ്റി കുട്ടികൾക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകണം. സ്പെഷ്യൽ സ്കൂൾ ഡ്രൈവർമാരെ ക്ഷേമനിധിയിൽ നിന്ന് ഒഴിവാക്കണം. എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യൽ ടീച്ചർ സേവനം ഉറപ്പാക്കണം. ഹയർ സെക്കണ്ടറി വരെയുള്ള കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകണം.

- കിടപ്പ് രോഗികളായ കുട്ടികൾക്ക് വിദൂരവിദ്യാഭ്യാസം, ഫിസിയോതെറാപ്പി സേവനങ്ങൾ, സഹായ സാങ്കേതിക ഉപകരണങ്ങൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കണം. വിദ്യാലയങ്ങളിൽ പൂന്തോട്ടങ്ങളും സെൻസറി പാർക്കുകളും കുട്ടികളുടെ സഹകരണത്തോടെ നടപ്പിലാക്കണം.

- ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസവും തൊഴിലും തമ്മിൽ ബന്ധിപ്പിക്കണം. സ്കൂളുകളിലും കോളേജുകളിലും ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഉറപ്പാക്കണം. കഴിവിനനുസരിച്ച് തൊഴിൽ മേഖല കണ്ടെത്താനുള്ള പരിശീലനം നൽകണം. ഇൻക്ലൂസീവ് റിക്രൂട്ട്മെന്റ് നയം എല്ലാ മേഖലകളിലും നടപ്പിലാക്കണം.

- യൂണിവേഴ്സൽ ആക്സസ് മാനദണ്ഡങ്ങൾ പാലിക്കണം. ലൈഫ് സ്കിൽ ട്രെയിനിംഗും ഡിജിറ്റൽ സാക്ഷരതയും ഉൾപ്പെടുത്തണം. ക്ഷേമസ്ഥാപനങ്ങളുടെ മേൽനോട്ടം സുതാര്യവും ഉത്തരവാദിത്വമുള്ളതുമായ രീതിയിലാക്കണം. വിദ്യാർത്ഥികളെ സാമൂഹിക സേവനത്തിലേക്ക് ഉൾപ്പെടുത്തണം.

- വൈദ്യസഹായം, മാനസികാരോഗ്യ സേവനം, നിയമസഹായം എന്നിവ ഏകീകൃതമായി ലഭ്യമാക്കണം. അനാഥരും ഭിന്നശേഷിയുള്ളവരും സർക്കാർ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കണം. മാനസികാരോഗ്യത്തെയും ഭിന്നശേഷിയെയും കുറിച്ചുള്ള അവബോധം വർധിപ്പിക്കണം. മാധ്യമങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹായത്തോടെ സഹാനുഭൂതിപൂർണ്ണമായ സമീപനം വളർത്തണം.

# 2

# Happy Ageing – വയോജന മേഖലയിലെ പുതുസാധ്യതകൾ

**മോഡറേറ്റർ**

ഡോ. ജോയ് ഇളമൺ (KILA മുൻ ഡയറക്ടർ, കൊച്ചി)

**പാനൽ അംഗങ്ങൾ**

- അഡ്വ. കെ. സോമപ്രസാദ് (ചെയർപേഴ്സൺ, വയോജന കമ്മിഷൻ)
- ശ്രീ. വി. എൻ. ജിതേന്ദ്രൻ IAS (മുൻ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്)
- ഡോ. ഷാജി കെ. എസ്. (Dean (Research) & director, State Resource Centre for Older People, KUHS)
- അഡ്വ. എം. കെ. സോമശേഖരൻ (മുൻ എം.എൽ.എ. ചെയർമാൻ, വയോജന കമ്മീഷൻ)
- ശ്രീ. വി. എ. എൻ. നമ്പൂതിരി (Chairperson, വയോജന കൗൺസിൽ)
- ഡോ. കെ. ശശികുമാർ (കനവ്, ആനന്ദപുരം)
- ഉണ്ണികൃഷ്ണൻ വി. കെ. (അരിമ്പൂർ, തൃശ്ശൂർ)
- ശ്രീ. കെ. കെ. മണി (Rtd. Additional Dir, SJD
- ശ്രീ. മദൻ മോഹൻ (CEO, Kerala Communication Association)
- ഡോ. കേസരി മേനോൻ
- ശ്രീ മദൻ മോഹൻ കെ ബി

## പാനലിസ്റ്റ് നിർദ്ദേശങ്ങളുടെ സമഗ്ര അവലോകനം

വയോജന മേഖലയിൽ പുതിയ സാധ്യതകളും ഇടപെടലുകളും ചർച്ച ചെയ്ത "Happy Ageing" സെഷൻ, വാർദ്ധക്യകാലത്തിന്റെ വെല്ലുവിളികളും ഭാവിയിലെ പ്രവർത്തനദിശകളും ആഴത്തിൽ വിശകലനം ചെയ്ത വേദിയായിരുന്നു. സമൂഹത്തിന്റെ വേഗത്തിലുള്ള മാറ്റങ്ങൾ മൂലം മുതിർന്ന പൗരന്മാർ നേരിടുന്ന സാമൂഹിക, ആരോഗ്യ, മാനസിക, സാങ്കേതിക വെല്ലുവിളികളെ പരിഹരിക്കാൻ നൂതനവും ഏകോപിതവുമായ സമീപനങ്ങൾ അനിവാര്യമായി മാറിയിട്ടുണ്ട് എന്ന് പാനൽ വീക്ഷിച്ചു.

**മുഖ്യ ലക്ഷ്യങ്ങൾ**

- ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കുക, സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പങ്കാളിത്തം ഉറപ്പാക്കുക, തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുന്ന സ്കിൽ ബാങ്കുകൾ രൂപീകരിക്കുക, ആരോഗ്യകേന്ദ്രങ്ങളിൽ ജെറിയാട്രിക് വാർഡുകൾ ഉൾപ്പെടെയുള്ള പ്രത്യേക സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ, സാന്ത്വന ചികിത്സാ സംവിധാനങ്ങൾ സർവ്വത്രികമാക്കുകയും വാതിൽപ്പടി സേവനങ്ങൾക്ക് ദ്രുതകർമ്മസേന രൂപീകരിക്കുകയും വേണം.

- ഒറ്റപ്പെട്ടും കിടപ്പിലായും കഴിയുന്നവർക്കായി സ്ഥാപനപരമായ സംരക്ഷണ സംവിധാനം ശക്തിപ്പെടുത്തുകയും, പകൽവീടുകളും റിട്ടയർമെന്റ് ഹോമുകളും ആധുനികവത്കരിക്കുകയും ചെയ്യുന്നത് ആവശ്യമാണ്. വിവരസാങ്കേതിക സാക്ഷരത ഉറപ്പാക്കുന്നതിലൂടെ, ഡിജിറ്റൽ കാലഘട്ടത്തിൽ വയോജനങ്ങൾ പിന്നിലാകാതെ സംരക്ഷിക്കണം.

**വയോജന മേഖലയുടെ നിലവിലെ അവസ്ഥയും വെല്ലുവിളികളും**

- കേരളത്തിൽ നിലവിലുള്ള നിരവധി പദ്ധതികൾ മുതിർന്നവർക്കായി സുരക്ഷാ വലയമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, ജെറിയാട്രിക് ഹോംകെയർ, ടെലിമെഡിസിൻ പോലുള്ള സേവനങ്ങൾ പരിമിതമാണ്. സാമ്പത്തിക സുരക്ഷാ കാര്യങ്ങളിൽ പെൻഷൻ നിരക്കുകൾ വിലക്കയറ്റവുമായി ബന്ധപ്പെടുത്തി പരിഷ്കരിക്കേണ്ടതുണ്ട്. അണുകുടുംബ വ്യവസ്ഥയിലേക്ക് മാറ്റം സംഭവിച്ചതോടെ, ഒറ്റപ്പെടലും മാനസികാരോഗ്യ പ്രശ്നങ്ങളും വർദ്ധിച്ചുവരുന്നു.
- സർക്കാർ, സ്വകാര്യ, സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ തമ്മിലുള്ള ഏകോപനക്കുറവ് സേവനങ്ങളിൽ ആവർത്തനവും പോരായ്മകളും സൃഷ്ടിക്കുന്നു. ബാങ്കിംഗ്, സർക്കാർ സേവനങ്ങൾ, ആരോഗ്യ സേവനങ്ങൾ തുടങ്ങിയവ ഡിജിറ്റലാകുമ്പോൾ മുതിർന്നവർക്കുള്ള പ്രാപ്യത കുറയുന്നു.

- വൃദ്ധസദനങ്ങളിലെ സേവന ഗുണനിലവാരത്തിലെ വ്യത്യാസവും മാനദണ്ഡങ്ങളുടെ അഭാവവും ഗൗരവമായ വിഷയങ്ങളാണ്.

**ഭാവി ഇടപെടലുകളും ശുപാർശകളും**

- വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി എല്ലാ ജില്ലാശുപത്രികളിലും ജെറിയാട്രിക് വാർഡുകൾ ആരംഭിക്കണം. സർവകലാശാലകളിൽ പ്രത്യേക Geriatric Medical Colleges ആരംഭിക്കുന്നതിലൂടെ വാർദ്ധക്യാരോഗ്യ പരിചരണം ശക്തമാക്കാൻ കഴിയും.
- സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ പുനർപരിശോധിച്ച്, Universal Pension Schemeനടപ്പിലാക്കുന്നത് അവശ്യമാണ്.
- ഐസിഡിഎസ് മാതൃകയിൽ കോംപ്രിഹൻസീവ് കെയർ പ്ലാനുകൾ രൂപീകരിച്ച് വാർദ്ധക്യകാലരോഗങ്ങൾ നേരത്തെ കണ്ടെത്താനുള്ള സംവിധാനങ്ങൾ വികസിപ്പിക്കണം.
- പ്രവാസികളുടെ പ്രായമായ മാതാപിതാക്കൾക്കായി Short Stay Centres സ്ഥാപിക്കുകയും, പോഷകസമ്പുഷ്ട ധാന്യങ്ങൾ റേഷൻ വഴിയും വിതരണം ചെയ്യുകയും വേണം.
- കുടുംബത്തിൽ ഒരാൾക്ക് വയോജനപരിപാലന പരിശീലനം നൽകുകയും, സമൂഹത്തിൽ വയോജന സൗഹൃദ പൊതു ഇടങ്ങൾ ഒരുക്കുകയും വേണം.
- ആയുർവേദ പ്രതിരോധ മാർഗങ്ങൾ പ്രയോജനപ്പെടുത്തി Ayur-Geriatric Health Workers പരിശീലിപ്പിക്കുക. Kerala Centre for Ayurveda Gerontologyയും Health App സംവിധാനവും ആരംഭിച്ച് വയോജനാരോഗ്യ നിരീക്ഷണം ഡിജിറ്റലാക്കാൻ കഴിയും.
- ഗ്രാമ, വാർഡ് തലങ്ങളിൽ വയോജന സംഘടനകൾ രൂപീകരിച്ച്, ആരോഗ്യ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പുകൾ വഴി വിരമിച്ച ആരോഗ്യപ്രവർത്തകരെ ഉൾപ്പെടുത്തി സേവനങ്ങൾ

ഏകോപിപ്പിക്കണം. എല്ലാ പദ്ധതികളും ഏകീകരിച്ച്, സേവന ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

- വയോജന സംരക്ഷണത്തിന് നിയമപരമായ സുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം, സമൂഹത്തിന്റെസമീപനത്തിലും മാറ്റം ആവശ്യമാണ്.
- വയോജനങ്ങളോടുള്ള സാംസ്കാരിക ബോധവത്കരണം, സമൂഹ പങ്കാളിത്തം, സാമൂഹിക ഇടപെടൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ "വയോജന സൗഹൃദ കേരളം" സാക്ഷാത്കരിക്കാൻ കഴിയും.

**അന്താരാഷ്ട്ര മാതൃകകളും പ്രചോദനങ്ങളും നിർദ്ദേശങ്ങളും**

- വാർദ്ധക്യകാല പ്രശ്നങ്ങളെ നേരിടാൻ അന്താരാഷ്ട്ര തലത്തിൽ വിജയകരമായ മാതൃകകൾ നിലനിൽക്കുന്നുണ്ട്. ജപ്പാനിലെ Community-Based Integrated Care System സമൂഹം, കുടുംബം, ആരോഗ്യ സംവിധാനം എന്നിവയെ ഏകോപിപ്പിച്ച് സമഗ്ര സേവനം നൽകുന്ന മാതൃകയാണ്. സിംഗപ്പൂരിലെ Active Ageing Centres മുതിർന്നവർക്ക് ആരോഗ്യം, പഠനം, വിനോദം, സാമൂഹിക ഇടപെടൽ എന്നിവ വർദ്ധിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നു. സ്കാൻഡിനേവിയയിലെ Community-Assisted Retirement Housing സഹജീവന മാതൃകയിൽ പാർപ്പിട സൗകര്യം ഒരുക്കുമ്പോൾ, ബ്രിട്ടനിലെ Age UK Warm Homes മുതിർന്നവർക്ക് ആരോഗ്യവും ഡിജിറ്റൽ ലിറ്ററസിയും ഉറപ്പാക്കുന്നു.
- ഇതിൽ നിന്നുള്ള പ്രചോദനത്തോടെ, ഇന്ത്യയിലും കേരളത്തിലും National Programme for Health Care of Elderly (NPHCE), MWPSC Act 2007 തുടങ്ങിയ പദ്ധതികൾ നടപ്പിലായിട്ടുണ്ടെങ്കിലും, അവയെ കൂടുതൽ പ്രായോഗികമായി വ്യാപിപ്പിക്കേണ്ടതുണ്ട്.

"Happy Ageing" പാനൽ ചർച്ച വയോജനങ്ങളെ പരിപാലനത്തിന്റെ വസ്തുവായി കാണാതെ, സമൂഹത്തിന്റെ സജീവ പങ്കാളികളായി കാണുന്ന സമീപനമാണ് മുന്നോട്ടുവച്ചത്. ആരോഗ്യ, സാമൂഹിക, നിയമ, സാംസ്കാരിക മേഖലകളിലൂടെയുള്ള ഏകോപിത ഇടപെടലുകളും സാങ്കേതിക പരിഷ്കാരങ്ങളും മാത്രമാണ് മാനവികവും സുസ്ഥിരവുമായ വയോജന നയത്തിന് പാതയൊരുക്കുക. കേരളം സാമൂഹിക മുന്നേറ്റത്തിൽ ലോകമാതൃകയായതുപോലെ, "Happy Ageing" മുഖേനയും വയോജന സൗഹൃദ വികസന മാതൃക സൃഷ്ടിക്കാനാവും.

## പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ

- വയോജന ക്ഷേമത്തിനായി സർക്കാർ ആരംഭിച്ച പദ്ധതികൾ കൂടുതൽ ഗ്രാമതലത്തിൽ പ്രായോഗികമാക്കണം. പല വയോജനങ്ങളും സ്വയംപര്യാപ്തമായ ജീവിതം ആഗ്രഹിക്കുമ്പോഴും കുടുംബാംഗങ്ങളുടെ അവഗണനയും സാമൂഹിക ഏകാന്തതയും അവരുടെ ജീവിത നിലവാരത്തെ ബാധിക്കുന്നു. അതിനാൽ കമ്മ്യൂണിറ്റി ക്ലബ്ബുകൾ, ദിനപരിചരണ കേന്ദ്രങ്ങൾ, സാംസ്കാരിക കൂട്ടായ്മകൾ എന്നിവ രൂപീകരിച്ച് സാമൂഹിക ഇടപെടലുകൾ വർധിപ്പിക്കണം.

- വയോമിത്രം പദ്ധതി ഗ്രാമവാസികൾക്കും പ്രയോജനപ്പെടണം. മന്ദഹാസം പദ്ധതി കൂടുതൽ ലളിതമാക്കണം. ജെറിയാട്രിക് ചികിത്സാ സംവിധാനം, ഗൈനക്കോളജിസ്റ്റിന്റെ സൗജന്യ സേവനം, ലഹരിക്കടിമയായ വയോജനങ്ങൾക്ക് പുനരധിവാസം, പാലിയേറ്റീവ് കെയറിന് അധിക ഫണ്ട് എന്നിവ ഉറപ്പാക്കണം.

- റിട്ടയർ ചെയ്ത വ്യക്തികളുടെ അനുഭവസമ്പത്ത് സമൂഹനന്മയ്ക്കായി വിനിയോഗിക്കാൻ പഞ്ചായത്തുതലത്തിൽ പദ്ധതികൾ ആരംഭിക്കണം. "വയോതൊഴിൽ പദ്ധതി" വ്യാപകമാക്കണം. വയോജനപരാതികൾ പരിഗണിക്കുന്ന ട്രൈബ്യൂണലുകളിൽ കാലതാമസം ഒഴിവാക്കണം. അഴിമതിക്കെതിരെ കർശന നടപടികൾ വേണം. ജനമൈത്രി പോലീസ് വയോജന സൗഹൃദമാക്കണം.

- വയോജന സംരക്ഷണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും അവർക്ക് സാങ്കേതിക വിദ്യ പരിശീലനം ലഭ്യമാക്കുകയും വേണം. സൗജന്യ യാത്രാസൗകര്യം, വയോജന സൗഹൃദ റോഡുകൾ, ബസ്സിൽ ബസ്സ് സ്റ്റോപ്പ് പ്രഖ്യാപന സംവിധാനം, ടോയ്ലറ്റ് സൗകര്യം എന്നിവ ഉറപ്പാക്കണം. വീടുകൾ വയോജന സൗഹൃദമാക്കാൻ പൊതുജനങ്ങളിൽ അവബോധം വളർത്തണം. റേഷൻകടകൾ വഴി പോഷാകാഹാരം വിതരണം ചെയ്യണം.

- സൗജന്യ ഇൻഷുറൻസ്, പെൻഷൻ, പഞ്ചായത്ത് ഫണ്ട് വിനിയോഗം എന്നിവ ഉറപ്പാക്കണം. സാമൂഹ്യക്ഷേമ പദ്ധതികൾ പ്രഖ്യാപനങ്ങളിൽ ഒതുങ്ങാതെ പ്രാവർത്തികമാക്കണം. അവബോധ കാമ്പെയ്നുകൾ നടത്തണം. നടപ്പാതകൾ, വ്യായാമ സൗകര്യങ്ങൾ, ഇരിപ്പിടങ്ങൾ എന്നിവ വികസിപ്പിക്കണം. വയോജന കലാ–കായികമേളകളും "ശ്രേഷ്ഠക്കൂട്ടം" കൂട്ടായ്മകളും രൂപീകരിക്കണം.

# 3

# പ്രൊബേഷൻ – നിയമം, വ്യക്തി, സമൂഹം

**മോഡറേറ്റർ**

ശ്രീ. കെ. കെ സുബൈർ

**പാനൽ അംഗങ്ങൾ**

- ഡോ. മോഹൻ ഗോപാൽ (മുൻ ഡയറക്ടർ, National Judicial Academy)
- ഡോ. സഫിമോഹൻ (ഫാക്കൽറ്റി, ഗവ. ലോ കോളേജ്, തിരുവനന്തപുരം)
- ശ്രീ. മുകേഷ് (Regional Welfare Officer (South Zone), DIG Prisons Office)
- ഡോ. വി. വിജയരാഘവൻ (ഫാക്കൽറ്റി, TISS)
- അനിൽ കെ. ഭാസ്കർ (Member Secretary, Kerala State Legal Services Authority)
- ശ്രീ പി ബിജു. (ഡിസിട്രിക്ക് സോഷ്യൽ വെൽഫെയർ ഓഫീസർ, കണ്ണൂർ)
- ശ്രീ അഷ്റഫ് കാവിൽ (Rtd. Asst Dir, SJD)

## പാനലിസ്റ്റ് നിർദ്ദേശങ്ങളുടെ സമഗ്ര അവലോകനം

ജനാധിപത്യത്തിന്റെ ആത്മാവ് നീതിയിലേക്കുള്ള സമാനാവകാശമാണ്. എന്നാൽ നീതി ശിക്ഷ നൽകൽമാത്രമല്ല; അത് മനുഷ്യന്റെ ആത്മാഭിമാനത്തെയും പുനരധിവാസത്തെയും ഉൾക്കൊള്ളുന്ന സമഗ്ര പ്രക്രിയയാണെന്നും വിഷൻ 2031 ചർച്ചയിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു

പ്രൊബേഷൻ സംവിധാനം കുറ്റം ചെയ്ത വ്യക്തിയെ സമൂഹത്തിൽ തിരിച്ചുകൊണ്ടുവരാനുള്ള മനുഷ്യകേന്ദ്രമായ ഇടപെടലാണ്. അത് ശിക്ഷയ്ക്കപ്പുറം പുനരധിവാസവും, സാമൂഹിക ഉത്തരവാദിത്വവും, നീതിയിലേക്കുള്ള നീതിയിലേക്കുള്ള സമത്വാവകാശവുമാണ് ലക്ഷ്യമാക്കുന്നത്.

മനുഷ്യാവകാശ സൗഹൃദമായ സമഗ്ര സാമൂഹ്യ പ്രതിരോധ സംവിധാനം സൃഷ്ടിക്കുന്നതിന് പാനൽ ഉന്നൽ കൊടുത്തു. കുറ്റം ചെയ്തവരെ സമൂഹത്തിൽനിന്ന് അകറ്റിക്കളയുന്ന സമീപനം മാറ്റി, *പരിഗണനയും പരിചരണവുമാണ്* മുൻനിരയിൽ വരേണ്ടതുണ്ടെന്നും. കുറ്റം ചെയ്തവരെയും ഇരകളെയും ഉൾപ്പെടുത്തിയുള്ള മനുഷ്യത്വാധിഷ്ഠിത നീതി സംവിധാനമാണ് കേരളം ലക്ഷ്യമിടുന്നതെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. .

നീതിയുടെ ലക്ഷ്യം പുനരധിവാസമാണെന്ന് തിരിച്ചറിഞ്ഞ്, ശിക്ഷാനന്തര ജീവിതത്തിന് അനുയോജ്യമായ സാമൂഹ്യ സാഹചര്യങ്ങൾ ഒരുക്കണം. അതിനായി സർക്കാർ, കോടതി, സമൂഹം, സ്വമേധാ സംഘടനകൾ എന്നിവർ ചേർന്നുള്ള ഏകോപിത പ്രവർത്തനം അനിവാര്യമാണ്.

**പ്രൊബേഷൻ സംവിധാനത്തിന്റെ പുനർഘടന**

അടുത്ത ദശാബ്ദത്തിൽ പ്രൊബേഷൻ സംവിധാനം വിജ്ഞാനാധിഷ്ഠിതവും സാങ്കേതികമൂല്യവത്തുമായ സംവിധാനമായി വികസിപ്പിക്കണം.

- തടവിൽ കഴിയുന്നവർക്കായി പ്രി–റിലീസ് പ്രിപ്പറേഷൻ കം പോസ്റ്റ്–റിലീസ് ഓറിയന്റേഷൻ പ്രോഗ്രാമുകൾ ആരംഭിക്കുക.
- ജയിലുകളിൽ മാനസികാരോഗ്യ പിന്തുണയും ഡി–അഡിക്ഷൻ സേവനങ്ങളും ഉൾപ്പെടുത്തണം.
- വനിതാ തടവുകാർക്ക് പ്രത്യേകം പുനരധിവാസ ഹോമുകളും കൗൺസിലിംഗ് സംവിധാനങ്ങളും ഒരുക്കണം.
- പ്രൊബേഷൻ ഓഫീസർമാർക്ക് സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ, കൗൺസിലർ തുടങ്ങിയ പ്രൊഫഷണൽ പിന്തുണ ലഭ്യമാക്കണം.
- നിയമനങ്ങൾ കരാർ അടിസ്ഥാനത്തിൽ അല്ലാതെ ദീർഘകാല സേവന പ്രതിബദ്ധതയുള്ള രീതിയിലായിരിക്കണം. പ്രൊഫഷണലിസവും സ്ഥിരതയും പ്രോത്സാഹിപ്പിക്കുന്നതിനായി തുടർച്ചയായ പരിശീലനം നിർബന്ധമാക്കണം.

**സാമൂഹ്യ പുനരധിവാസം: വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്ക്**

കുറ്റം ചെയ്തവരെ മാറ്റി നിർത്താതെ, സമൂഹത്തിലേക്ക് തിരിച്ചെത്തിക്കാനുള്ള ഉത്തരവാദിത്തം സംസ്ഥാനത്തിനും സമൂഹത്തിനും ഒരുപോലെയാണ്. അതിനായി:

- ജയിലിൽ നിന്ന് വിടുതൽ ലഭിക്കുന്നവർക്കായി എൻജിഒകളുമായുള്ള പങ്കാളിത്തം ശക്തമാക്കണം.
- സ്വയംതൊഴിൽ ധനസഹായം വർധിപ്പിച്ച്, അവരുടെ പുനരധിവാസത്തിന് സാമ്പത്തിക അടിസ്ഥാനം നൽകണം.
- തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം മെച്ചപ്പെടുത്തണം.
- മുതിർന്ന തടവുകാർക്കും വനിതാ തടവുകാർക്കും വിശേഷ സംരക്ഷണ പദ്ധതികൾ രൂപപ്പെടുത്തണം.
- കുറ്റവാളി–ഇര ബന്ധം മാനുഷികവും നീതിപൂർണ്ണവുമായ രീതിയിൽ പുനർ നിർവചിക്കണം.
- സാമൂഹിക ഒറ്റപ്പെടുത്തലും (stigma) ഒഴിവാക്കാനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ സമൂഹതലത്തിൽ ആരംഭിക്കണം.

**ഏകീകൃത നിയമനീതി, പരിഹാരവും പുനരധിവാസം**

- നീതിയിലേക്കുള്ള പ്രവേശനം, സൗജന്യ നിയമസഹായം, നഷ്ടപരിഹാരം എന്നിവയെ പുനരധിവാസവുമായി ബന്ധിപ്പിക്കുന്നതാണ് ഭാവിദിശ. Victim Compensation സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുകയും, നിയമനടപടികളുടെ വേഗത വർദ്ധിപ്പിക്കുകയുമാണ് വേണ്ടത്.
- കുറ്റവാളിയും ഇരയും ഒരുപോലെ മനുഷ്യാവകാശങ്ങളുള്ളവരാണെന്ന തിരിച്ചറിവോടെ Restorative Justice മാതൃക കേരളത്തിൽ ആവിഷ്കരിക്കണം.

**സാങ്കേതിക നവീകരണവും ഗവേഷണ പിന്തുണയും**

- വിഷൻ 2031 കാലഘട്ടത്തിൽ പ്രൊബേഷൻ സംവിധാനത്തിൽ ഡിജിറ്റൽ ട്രാക്കിംഗ്, ഡാറ്റാബേസ് മാനേജ്മെന്റ്, ഓൺലൈൻ റിപോർട്ടിംഗ് സംവിധാനം തുടങ്ങിയ സാങ്കേതിക പിന്തുണകൾ ഉൾപ്പെടുത്തണം.
- ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് Rehabilitation Outcome Studies, Psychosocial Impact Assessments തുടങ്ങിയ പഠനങ്ങൾ നടത്തി, നയതലത്തിലുള്ള പരിഷ്കാരങ്ങൾക്കായി ഉപയോഗപ്പെടുത്തണം.
- കുറ്റകൃത്യങ്ങളേയും ശിക്ഷയേയും മറികടന്ന്, മനുഷ്യജീവിതത്തിന്റെ മാന്യത പുനഃസ്ഥാപിക്കുന്നതിലൂടെ മാനവികതയും നീതിയും ചേർന്ന സാമൂഹ്യവികസന മാതൃക രൂപപ്പെടുത്തേണ്ടതുണ്ട്.

മനുഷ്യത്വം, മാന്യത, പുനരധിവാസം, സമൂഹപങ്കാളിത്തം, സാങ്കേതിക നവീകരണം എന്നിവയിലൂടെ നീതി ഉറപ്പാക്കുന്ന മനുഷ്യകേന്ദ്രീകൃതമായ കേരള മോഡൽ ആണ് പാനലിസ്റ്റുകൾ മുന്നോട്ടുവച്ചത്.

# 4

# സാമൂഹ്യനീതിയും ലിംഗനീതിയും– ട്രാൻസ്ജെൻഡർ മേഖലയിലെ പുതിയകാൽവെപ്പുകൾ

**മോഡറേറ്റർ:**

ശ്യാമ എസ് പ്രഭ, സംസ്ഥാന ട്രാൻസ്ജെൻഡർ ബോർഡ് അംഗം & മുൻ TG കൺസൾട്ടന്റ് ഓഫീസർ

**പാനൽ അംഗങ്ങൾ**

- ഡോ. രേഷ്മ ഭരദ്വാജ് (അസി. പ്രൊഫസർ, സോഷ്യൽ വർക്ക് , കാലടി സർവ്വകലാശാല)
- ഡോ.പി. എം. ആരതി (HOD, School of Indian Legal Thought, Mahatma Gandhi University)
- വിജയരാജ മല്ലിക (ആക്ടിവിസ്റ്റ്, എഴുത്തുകാരി)
- ഡോ. ലക്ഷ്മി (TG ക്ലിനിക്ക്, കോട്ടയം മെഡിക്കൽ കോളേജ്)
- ഡോ. ആരതി അശോക് (Victoria College)
- ഡോ. രേഷ്മ എലിസബത്ത് തോമസ് (ജെൻഡർ ഓഡിറ്റ് എക്സ്പർട്ട്)
- ശ്രീമതി. ശീതൾ ശ്യാം (Trans Man) (ട്രാൻസ് ആക്ടിവിസ്റ്റ്)
- അർജുൻ ഗീത
- ഹർഷ്

## പാനലിസ്റ്റ് നിർദ്ദേശങ്ങളുടെ സമഗ്ര അവലോകനം

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹിക ക്ഷേമ, തൊഴിൽ, സാമ്പത്തിക സ്വയംപര്യാപ്തി എന്നിവ ഉറപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ ചർച്ചകളിൽ ഉരുത്തിരിഞ്ഞു. ചർച്ചകളിൽ നിന്നുള്ള പ്രധാന നിർദ്ദേശങ്ങൾ ഭാവി നയങ്ങളും പദ്ധതി രൂപീകരണങ്ങളിലും ഗുണകരമാകുമെന്ന് പാനലിസ്റ്റുകൾ വിലയിരുത്തി.

**മെഡിക്കൽ സൗകര്യങ്ങൾ:** ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി എല്ലാ മെഡിക്കൽ സ്ഥാപനങ്ങളിലും Gender Affirmative Care (GAC) യൂണിറ്റുകൾ അനിവാര്യമാണെന്ന് നിർദ്ദേശം വന്നു. വിവേചനമില്ലാത്ത ചികിത്സയും മാനസികാരോഗ്യ പിന്തുണയും ഉറപ്പാക്കണം. Gender-neutral വാർഡുകൾ, ശൗചാലയങ്ങൾ, 24x7 ഹെൽപ്ലൈൻ തുടങ്ങിയ സംവിധാനങ്ങൾ സൃഷ്ടിക്കണം.

**വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടുത്തൽ:** വിദ്യാഭ്യാസരംഗത്ത് ട്രാൻസ്ജെൻഡർ ഉൾപ്പെടൽ പ്രാധാന്യമർഹിക്കുന്നു. സ്കൂളുകളിലും കോളേജുകളിലും ട്രെയിനിംഗ് ക്ലബ്ബുകൾ രൂപീകരിക്കുകയും, എട്ടാം ക്ലാസ് മുതൽ ജെൻഡർ അവബോധ ക്ലാസുകൾ നടത്തുകയും വേണം. വിദ്യാഭ്യാസത്തിൽ നിന്ന് വിട്ടുപോയ വിദ്യാർത്ഥികൾക്ക് ബ്രിഡ്ജ് പ്രോഗ്രാമിലൂടെ പഠനം തുടരാനുള്ള അവസരങ്ങൾ ഒരുക്കണം.

**ജില്ലാതല ഏകോപനം:** ജില്ലാതലത്തിൽ ട്രാൻസ്ജെൻഡർ ക്ഷേമത്തിന് ഏകോപന കമ്മിറ്റികൾ രൂപപ്പെടുത്തണം. NGO കളുടെ പങ്കാളിത്തം ഉറപ്പാക്കണം. പഞ്ചായത്തുകളിൽ ട്രാൻസ്ജെൻഡർ പ്രതിനിധികൾക്ക് സീറ്റ് ലഭ്യമാക്കുകയും, കായികരംഗത്തുൾപ്പടെ അവസരം നൽകുകയും വേണം.

**സാമ്പത്തിക സഹായവും സൗകര്യങ്ങളും:** സാമ്പത്തിക വെല്ലുവിളികൾ നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കാഷ്ലെസ് ഇൻഷുറൻസ്, "കരുതൽ" സ്കീം, അടിയന്തര ധനസഹായ ഫണ്ട് എന്നിവ നടപ്പാക്കണം. ട്രാൻസ്ജെൻഡർ സൗഹൃദ ഇൻഫ്രാസ്ട്രക്ചർ, ബാങ്കിങ് ഉൾപ്പെടുത്തൽ, കൗൺസിലിംഗ് ഹബുകൾ എന്നിവ വികസിപ്പിക്കണം.

**ആരോഗ്യപ്രവർത്തകരുടെ സെൻസിറ്റൈസേഷൻ:** ആരോഗ്യപ്രവർത്തകർ ട്രാൻസ്ജെൻഡർ സമൂഹത്തെ മനസ്സിലാക്കാൻ സെൻസിറ്റൈസേഷൻ ട്രെയിനിംഗ് ലഭിക്കണം. മെഡിക്കൽ പാഠ്യപദ്ധതികളിൽ ട്രാൻസ്ജെൻഡർ വിഷയങ്ങൾ ഉൾപ്പെടുത്തണം. സമൂഹത്തിൽ ട്രാൻസ്ജെൻഡർ അവബോധം വളർത്താൻ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്.

**സർക്കാർ നയം, താമസ സൗകര്യങ്ങൾ, പൗരാവകാശം:** ട്രാൻസ്ജെൻഡർ പ്രശ്നങ്ങൾ സർക്കാർ തലത്തിൽ പരിഗണിക്കണം. വീടില്ലാത്തവർക്കും പ്രായമായവർക്കും താമസസൗകര്യങ്ങൾ ഒരുക്കണം. എഗ് ഫ്രീസിങ് സൗകര്യങ്ങൾക്ക് ധനസഹായം നൽകണം. പൗരാവകാശ സംരക്ഷണം ഉറപ്പാക്കണം.

**നിയമസഹായവും സംരക്ഷണവും:** ട്രാൻസ്ജെൻഡർ വ്യക്തികളെ ഭിന്നശേഷി വിഭാഗത്തിനുള്ളിൽ ഉൾപ്പെടുത്തി കൂടുതൽ സംരക്ഷണവും നിയമസഹായവും നൽകണം. കമ്മ്യൂണിറ്റി തലത്തിൽ ജെൻഡർ സെൻസിറ്റിവിറ്റി വർധിപ്പിക്കാൻ പരിശീലനം നൽകണം. കേന്ദ്ര സർക്കാരിന്റെ ഇടപെടലും കമ്മീഷൻ രൂപീകരണവും ആവശ്യമാണ്.

**സർക്കാർ–സ്വകാര്യ സംയോജനം**: ട്രാൻസ്ജെൻഡർ ഉൾപ്പെടുത്തലിന് നിരന്തരം നിരീക്ഷണവും വിലയിരുത്തലും വേണം. ഷെൽട്ടർ ഹോമുകൾ പുതുക്കിപ്പണിയണം. ട്രാൻസ്ജെൻഡർ സ്പോർട്സ് മീറ്റ് എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

**പൊതുവായ നിർദ്ദേശങ്ങൾ:** ലൈംഗിക വിദ്യാഭ്യാസം സാർവത്രികമാക്കണം. സമൂഹത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നോർമലൈസിംഗ് രീതിയിൽ ജീവിക്കാൻ ശാക്തീകരണം നൽകണം. ജില്ലാതല സർവേ നടത്തി ' കെയർ കേരളം' രൂപീകരിക്കുക. വകുപ്പുകൾ ഫണ്ട് മാറ്റിവയ്ക്കണം. മോഡൽ ഓഫീസർ മുഖേന ഏകോപനം ഉറപ്പാക്കണം. വിദേശ സർവകലാശാലകളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികളെ നാട്ടിലെ സ്ഥാപനങ്ങളിലേക്കു കൊണ്ടുവരണം.

ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക ഉൾപ്പെടുത്തൽ, ആത്മഗൗരവം, സാമ്പത്തിക സ്വയംപര്യാപ്തി എന്നിവ ഉറപ്പാക്കുന്ന സമഗ്ര ദർശനമാണ് വിദഗ്ധർ മുന്നോട്ടുവച്ചത്. നിർദേശിച്ചിട്ടുള്ള നടപടികൾ നടപ്പിലാക്കുന്നത് ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനും സമൂഹത്തിൽ സമത്വപരമായ ഉൾപ്പെടുത്തലിനും സഹായിക്കുമെന്നും അവർ വീക്ഷിക്കുന്നു.

## പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ

- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജോലിയിൽ റിസർവേഷൻ കൊണ്ടുവരണം. ഹോസ്റ്റലുകളും ഷോർട്ട് സ്റ്റേ ഹോമുകളും എല്ലാ ജില്ലകളിലും സ്ഥാപിക്കണം. ട്രാൻസ്ജെൻഡർ കമ്മീഷൻ നിലവിൽ വരുത്തണം. അവരുടെ രേഖകളും ഐഡി കാർഡുകളും ലിങ്ക് ചെയ്യണം.

- ഹോർമോൺ തെറാപ്പി എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാക്കണം. സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സൗഹൃദ സംസ്ഥാനമാക്കാനുള്ള നടപടികൾ വേണം. കൗൺസിലിംഗ് സേവനങ്ങളും മാനസികാരോഗ്യ ചികിത്സയും ഉറപ്പാക്കണം.

- ട്രാൻസ്ജെൻഡർ വ്യക്തികളുടെ കുടുംബാംഗങ്ങൾക്കും മാനസിക പിന്തുണ നൽകണം. പൊതുജനങ്ങൾക്ക് "ട്രാൻസ്ജെൻഡർ ആയിരിക്കുക ഒരു തെറ്റല്ല" എന്ന ബോധവൽക്കരണം നൽകണം. നിയമനിർമ്മാണത്തിൽ അവരുടെ പ്രാതിനിധ്യം ഉറപ്പാക്കണം. പോലീസ് സേനയിലും അവസരം നൽകണം.

- 45 വയസ്സ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർക്കാർ ധനസഹായം ലഭ്യമാക്കണം.

# 5

# ഭിന്നശേഷി സൗഹൃദ കേരളം – നവകാഴ്ചപ്പാടുകൾ

**മോഡറേറ്റർ**

ഡോ. ജയരാജ് എം. കെ. – ഡയറക്ടർ, ULCCS ഫൗണ്ടേഷൻ, ULCARE

**പാനൽ അംഗങ്ങൾ**

- ശ്രീ. മുരളീധരൻ വി. (നാഷണൽ സെക്രട്ടറി, NPRD)
- ശ്രീ. ജി വിജയരാഘവൻ (Former planning Board Member, Former Hon.Director, NISH)
- ഡോ. റോഷൻ ബിജിലി (ഡയറക്ടർ, CRC (Regional Centre for Persons with Disabilities), കോഴിക്കോട്)
- ഡോ. റഹിമുദ്ദീൻ പി. എം. (മുൻ ജോയിൻറ് ഡയറക്ടർ, CDMRP)
- ഡോ. ജാവേദ് അനീസ് (മെഡിക്കൽ ഡോക്ടർ)
- അഡ്വ. ജയാഡാളി എം. വി
- ശ്രീ. ഗിരീഷ് കീര്ത്തി (ഡയറക്ടർ ബോർഡ് അംഗം, കേരള ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ)
- ശ്രീമതി. രേണു രാമനാഥ് (സാമൂഹ്യപ്രവർത്തക)
- ശ്രീമതി. എം. പി. കൈരളി
- ഡോ. പി. ടി. ബാബുരാജ് (ഭിന്നശേഷി കമ്മീഷണർ)
- ശ്രീ. ശിവദാസൻ എ കെ

## പാനലിസ്റ്റ് നിർദ്ദേശങ്ങളുടെ സമഗ്ര അവലോകനം

**യൂണിവേഴ്സൽ സ്ക്രീനിംഗ്:** യൂണിവേഴ്സൽ ഡെവലപ്മെൻറ് സ്ക്രീനിംഗ് നടപ്പാക്കുന്നത് ഭിന്നശേഷി വളരെ നേരത്തെ തന്നെ കണ്ടെത്താൻ സഹായകമാകും. അംഗൻവാടി, പ്രൈമറി ഹെൽത്ത് സെൻററുകൾ എന്നിവ വഴി ഇത് നടപ്പിലാക്കാം. ജനിച്ച് 60 ദിവസത്തിനകം ഏതെങ്കിലും തരത്തിലുള്ള ഇൻറർവെൻഷൻ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഭിന്നശേഷിയോടെ ജനിക്കുന്ന കുട്ടികളിൽ ഭിന്നശേഷി മൂലമുള്ള പരിമിതികളുടെ തീവ്രത കുറയ്ക്കാൻ ഇത് സഹായകരമാകും.

**സംയോജിത വിദ്യാഭ്യാസത്തിന് തുടക്കം:** Inclusive education (സംയോജിത വിദ്യാഭ്യാസം) പ്രാവർത്തികമാക്കുന്നതിന്റെ പ്രാരംഭമായി, ഓരോ പ്രദേശത്തും കുറഞ്ഞത് ഒരു സ്കൂൾ കണ്ടെത്തി ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സംയോജിത പഠനത്തിന് അവസരം ഒരുക്കണം.

**സഹായ ഉപകരണങ്ങളുടെ ലൈബ്രറി:** സഹായ ഉപകരണങ്ങളുടെ ഒരു ലൈബ്രറി സ്ഥാപിക്കുന്നത് അനേകം പാവപ്പെട്ട ഭിന്നശേഷിക്കാർക്ക് ഉപകാരപ്രദമായിരിക്കും. ഇതുവഴി അവർക്കാവശ്യമായ ഉപകരണങ്ങൾ താൽക്കാലികമായി ലഭ്യമാക്കാം.

**ഭിന്നശേഷിക്കാർക്കായി യൂണിവേഴ്സിറ്റി:** വിവിധ ഭിന്നശേഷികൾക്കായി ഒരു പ്രത്യേക യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് ഭിന്നശേഷിക്കാരുടെ ഉന്നതവിദ്യാഭ്യാസവും വ്യക്തിത്വവികാസവും ഉറപ്പാക്കാൻ സഹായിക്കും.

**അസിസ്റ്റഡ് ലിവിംഗ് സംവിധാനം:** ഒറ്റയ്ക്ക് താമസിക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർക്കായി രക്ഷിതാക്കളുടെ സഹകരണത്തോടുകൂടി സർക്കാർ, എൻജിഒകൾ എന്നിവ ചേർന്ന് അസിസ്റ്റഡ് ലിവിംഗ് സംവിധാനങ്ങൾ ഒരുക്കണം.

**വിഭവവിതരണം – സമത്വം ഉറപ്പാക്കണം:** വിഭവസമ്പത്തിന്റെ വിതരണം വിവേചന രഹിതമായിരിക്കണം. കേരളത്തിലെ 10 ശതമാനം വരുന്ന ഭിന്നശേഷിക്കാർക്കായി അടുത്ത 5 വർഷത്തിനുള്ളിൽ 1000 മുതൽ 5000 കോടി രൂപവരെ ആവശ്യമുണ്ട്. ഇതിന്റെ ഉറവിടവും വിനിയോഗവും വിദഗ്ധോപദേശത്തോടുകൂടി പദ്ധതിപരമായി ആസൂത്രണം ചെയ്യണം.

**തൊഴിൽ സംവരണവും പ്രോത്സാഹനവും:** ഭിന്നശേഷിക്കാർക്ക് 4 ശതമാനം തൊഴിൽ സംവരണം നൽകുന്ന സ്ഥാപനങ്ങൾക്ക് ഇൻസെന്റീവ് നൽകണം. സംവരണം പാലിക്കാത്ത സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുന്നതും ആലോചിക്കാവുന്നതാണ്.

**നിയമ സംവിധാനങ്ങൾ ശക്തിപ്പെടുത്തണം:** ഭിന്നശേഷി നിയമ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. നിലവിലെ നിയമങ്ങളിലെ അസന്നിഗ്ധതകൾ പരിഹരിച്ച് പ്രാവർത്തികത ഉറപ്പാക്കണം.

**കോർപ്പറേറ്റ് മേഖലയിൽ സംവരണം:** കോർപ്പറേറ്റ് മേഖലയിലും ഭിന്നശേഷി സംവരണം നടപ്പിലാക്കണം. ഭിന്നശേഷിക്കാർ കൂടുതലുള്ള ലോട്ടറി മേഖലയിലെ ഇടനിലക്കാരുടെ അനാവശ്യ ഇടപെടൽ നിയന്ത്രിക്കണം.

**അക്ഷയകേന്ദ്രങ്ങളിൽ സംവരണം**: ഓരോ പ്രദേശത്തും കുറഞ്ഞത് ഒരു അക്ഷയകേന്ദ്രമെങ്കിലും ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്യണം.

**പെൻഷൻ വർധന:** ഭിന്നശേഷിയുടെ തീവ്രതക്കനുസരിച്ച് പെൻഷൻ തുകയിൽ വർധന വരുത്തണം. ഗുരുതരമായ ഭിന്നശേഷിയുള്ളവർക്ക് കൂടുതൽ സാമ്പത്തിക പിന്തുണ നൽകേണ്ടതുണ്ട്.

**ബഡ്സ് സ്കൂളുകളുടെ സ്ഥാനം:** ബഡ്സ് സ്കൂളുകൾ മുഖ്യധാരാ സ്കൂളുകളുടെ അതേ കമ്പൗണ്ടിൽ പ്രവർത്തിക്കുന്നത് കുട്ടികൾ തമ്മിലുള്ള ഇടപെടലിനും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസത്തിനും സഹായകരമാകും

## പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ

- എല്ലാ പദ്ധതികളും ഡിജിറ്റലൈസ് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തണം. ആശ്വാസകിരണം പദ്ധതിയുടെ തുക വർധിപ്പിക്കുകയും അത് മാസംതോറും വിതരണം ചെയ്യുകയും വേണം.

- ഗവൺമെന്റ് ആശുപത്രികളിൽ എത്തുന്ന ഭിന്നശേഷിക്കാരിൽ നിന്ന് രജിസ്ട്രേഷൻ ഫീസ്, ചികിത്സാ ഫീസ് എന്നിവ വാങ്ങുന്നത് അവസാനിപ്പിക്കണം.

- ജെറിയാട്രിക് വാർഡുകൾ ജെറിയാട്രിക് മെഡിക്കൽ കോളേജുകൾ എന്നിവ സ്ഥാപിക്കേണ്ടതുണ്ട്.

- സംസ്ഥാനതലത്തിൽ ഭിന്നശേഷിക്കാരുടെ കണക്കെടുപ്പ് നടത്തി അവരുടെ കഴിവുകൾ വിലയിരുത്തി തരംതിരിച്ച്, അനുയോജ്യമായ നൂതന പദ്ധതികൾ ആവിഷ്കരിക്കണം.

- ഭിന്നശേഷിക്കാർക്കായി കുടുംബശ്രീ സംഘങ്ങൾ രൂപീകരിക്കണം. ഭിന്നശേഷി പെൻഷൻ പരിഷ്കരിക്കുകയും KSRTC ബസുകളിൽ സൗജന്യ യാത്രാ പാസ് അനുവദിക്കുന്ന മാനദണ്ഡങ്ങൾ പരിഷ്കരിക്കുകയും വേണം. .

- ഓരോ ഭിന്നശേഷി മേഖലയിൽ നിന്നും പ്രതിനിധികളെ തിരഞ്ഞെടുക്കണം. ത്രിതല പഞ്ചായത്ത് തലത്തിൽ ഭിന്നശേഷി പ്രാതിനിധ്യം ഉറപ്പാക്കുന്നത് ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കും.

- ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കണം. റോഡ് മുറിച്ചു കടക്കാനായി ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും പ്രവർത്തിപ്പിക്കാവുന്ന സിഗ്നലുകൾ സ്ഥാപിക്കണം.

- ഓരോ പോലീസ് സ്റ്റേഷനിലും ആംഗ്യഭാഷ അറിയാവുന്ന ഒരു പോലീസ് ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ നിർബന്ധമാക്കണം.

- അംഗൻവാടി അധ്യാപകർക്ക് ഭിന്നശേഷിയെക്കുറിച്ചുള്ള അറിവും പരിശീലനവും നൽകണം. സ്കൂളുകളിൽ ദ്വിഭാഷാ പഠനം നിർബന്ധമാക്കണം.

- ഓട്ടിസം പോലുള്ള അവസ്ഥകൾ വർധിക്കുന്നതിന് കാരണങ്ങൾ കണ്ടെത്തി വേണ്ട നടപടികൾ സ്വീകരിക്കണം. ഭിന്നശേഷി ഗർഭാവസ്ഥയിൽ തന്നെ കണ്ടെത്താനുള്ള പഠനങ്ങൾ സംസ്ഥാനത്തും പ്രാബല്യത്തിൽ വരുത്തണം. ഇതിലൂടെ ഭിന്നശേഷി സംഭവനം കുറയ്ക്കാനുള്ള ആക്ഷൻ പ്ലാൻ നടപ്പിലാക്കാം.

- ഭിന്നശേഷി സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റ്–ഇൻ–എയ്ഡ് വിതരണം കാലതാമസം കൂടാതെ ഉറപ്പാക്കണം.

- ജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് ആശയവിനിമയം നടത്താനുള്ള അവസരം മാസത്തിൽ ഒരിക്കൽ നൽകണം.

- വിവരസാങ്കേതിക ഉപകരണങ്ങൾ ഗ്രാമങ്ങളിലെ പാവപ്പെട്ട ഭിന്നശേഷിക്കാർക്ക് സൗജന്യമായി ലഭ്യമാക്കണം. പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കണം. ജനസേവനപദ്ധതികൾക്കുറിച്ച് ജനങ്ങളിൽ കൂടുതൽ ബോധവൽക്കരണം നടത്തണം. ആ പദ്ധതികൾ ജനങ്ങളിലേയ്ക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കണം. സമയബന്ധിതമായി സോഷ്യൽ സർവേകൾ നടത്തണം.

- വിഷൻ 31ൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും 50 കഴിഞ്ഞവരാണ് — യുവജനങ്ങളുടെ സാന്നിധ്യം വർധിപ്പിക്കേണ്ടതുണ്ട്.

## From Documentalists'

അഭിപ്രായങ്ങൾ രേഖപ്പെടുത്തിയവരിൽ പലരും ഫണ്ട് വർധനയും ആനുകൂല്യങ്ങളും ആണ് സൂചിപ്പിച്ചിരിക്കുന്നത്. 2031 ലെ കേരളം എങ്ങനെ ആവണം എന്നത് വിഭാവനം ചെയ്തവർ തലോം കുറവാണ്. യുവജനങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കേണ്ടതുണ്ടായിരുന്നു.

ഭിന്നശേഷിയും വയോജന സൗഹൃദവുമായ സംസ്ഥാനം രൂപപ്പെടുത്തണമെന്ന് ഭൂരിഭാഗം പേരും താല്പര്യപ്പെടുന്നു. സർക്കാരും ഉദ്യോഗസ്ഥരും യുവാക്കളും പൊതുജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ സംയോജിതവും സ്വയംപര്യാപ്തവുമായ ഒരു സമൂഹം വളർത്തിയെടുക്കാനാകുമെന്ന് അവർ വിശ്വസിക്കുന്നു.

സമൂഹത്തിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ യുവതലമുറയിലൂടെ തന്നെ ആരംഭിക്കണം. ഒരു വ്യക്തിയുടെ ജീവിതചക്രത്തിൻറെ പ്രാരംഭ ദശയിൽ, അതായത് 5 വയസ്സിന് മുമ്പ് തന്നെ, ഗുണപരമായ ഈ മാറ്റങ്ങളിലേയ്ക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരുകയും, നേതൃത്വം വളർത്തുകയും ചെയ്യേണ്ടത് പ്രധാനമാണ്. അതുകൊണ്ടുതന്നെ അംഗൻവാഡിയിലും പ്രൈമറി വിദ്യാഭ്യാസത്തിലുമുള്ള കുട്ടികളുടെ വിദ്യാഭ്യാസ രീതിയാണ് നിർണായകം. വിദ്യാഭ്യാസ വകുപ്പുമായി കൈകോർത്ത്, ജപ്പാൻ പോലുള്ള രാജ്യങ്ങളിലെ പ്രായോഗിക വിദ്യാഭ്യാസ രീതി നടപ്പിലാക്കുന്നത്, എംപതിയും പ്രായോഗിക ജ്ഞാനവുമുള്ള ഒരു തലമുറ സൃഷ്ടിക്കാൻ സഹായിക്കും. നമുക്ക് വേണ്ടത് ചുരുങ്ങിയകാല പരിഹാരങ്ങൾ അല്ല; ഒരു നാടിനെ ഉയർത്തിക്കൊണ്ടുവരാൻ കഴിവുള്ള, ശക്തമായ തലമുറയും സ്ഥിരമായ പരിഹാരങ്ങളുമാണ്.

Documented by

NISH
We are here because, we care

SOCIAL JUSTICE DEPARTMENT
care, protection & empowerment

NATIONAL INSTITUTE OF SPEECH & HEARING
Accredited as Excellent Institution by RCI | Accredited by NAAC with B++Grade